മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22-28) ........ 109.

പാഠം – 2

# അനൈക്യത്തിന്റെ കാരണങ്ങൾ

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ആവ.28: 1–14, യിര.3:14–18, ന്യായാ.17:6, 1 രാജാ. 12:1–16, 1 കൊരി. 1:10–17, അ. പ്ര. 20:25–31.**

**മനഃപാഠവാക്യം: "യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവുമാകുന്നു." (സദൃ. 9:10)**

പഴയനിയമ പ്രവാചകന്മാർ ദൈവത്തെ അനുസരിക്കാൻ ഇസ്രായേലിനോട് നിരന്തരം ആവശ്യപ്പെട്ടു. അനുസരണക്കേടും അശ്രദ്ധയും വിശ്വാസത്യാഗത്തിലേക്കും അനൈക്യത്തിലേക്കും നയിച്ചു. ദൈവകൽപനാനുസരണത്തിന് ചില ലക്ഷ്യങ്ങളുണ്ടായിരുന്നു. ഒന്ന്, പാപത്തിന്റെ സ്വാഭാവിക പരിണതഫലങ്ങളിൽ നിന്ന് ജനത്തെ സംരക്ഷിക്കുക. രണ്ട് അനേക വിദേശ രാഷ്ട്രങ്ങളുടെ നടുവിൽ അവരെ വിശുദ്ധീകരിക്കുക. ദൈവഹിതം പിൻതുടരുന്നത് ജനത്തിൽ ഒരുമയുണ്ടാക്കും. സർവ്വദിക്കിൽ നിന്നും അവരെ ചുറ്റിയ വിഗ്രഹാരാധനയും തിന്മയും കടന്നുകയറാതെ ചെറുത്തു നിൽക്കാനുള്ള തീരുമാനത്തിന് ആ കൂട്ടത്തെ ശക്തിപ്പെടുത്തും. തന്റെ ജനത്തിന്റെ വിശുദ്ധിയും ചുറ്റുമുള്ള രാഷ്ട്രങ്ങൾക്ക് നല്ലൊരു സാക്ഷ്യവും എന്നതായിരുന്നു ദൈവേഷ്ടം.

എബ്രായരെ ഈജിപ്തിൽ നിന്നു വിടുവിച്ച ശേഷം ദൈവം പറഞ്ഞു: "നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്ത് നിങ്ങൾ അനുസരിച്ചു നടക്കുവാനായി എന്റെ ദൈവമായ യഹോവ എന്നോടു കൽപിച്ചതുപോലെ ഞാൻ നിങ്ങളോടു ചട്ടങ്ങളും വിധികളും ഉപദേശിച്ചിരിക്കുന്നു. അവയെ പ്രമാണിച്ചു നടക്കുവിൻ: ഇതു തന്നെയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നത്. അവർ ഈ കൽപനകളൊക്കെയും കേട്ടിട്ട്; ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നെ എന്നു പറയും" (ആവ. 4:5,6).

മറുചോദ്യമില്ല: അവർ വിശ്വസ്തരാണോ, ദൈവജനം അനുഗ്രഹിക്കപ്പെട്ടിരിക്കും; മറ്റുള്ളവർക്കൊരു അനുഗ്രഹവുമായിരിക്കും. അവിശ്വസ്തതയോ അനേകം പ്രശ്നങ്ങളിലേക്കു നയിക്കും. അനൈക്യം അവയിലൊന്നു മാത്രം.

**ഞായർ** **ഒക്ടോബർ 7**

## "പിൻമാറുന്ന മക്കളേ, മടങ്ങി വരിക"

ഇസ്രായേലിന്റെ ചരിത്രം ഒരു തനിയാവർത്തനമാണ്; അനുസരണക്കേടിന്റെയും അരാജകത്വത്തിന്റെയും കഥ. പിന്നീട് ദൈവത്തിലേക്കും അനുസരണത്തിലേക്കും ഒരു മടങ്ങിവരവ്. എന്നിട്ടോ വീണ്ടും കൂടുതൽ അനുസരണക്കേടും ഏറ്റുമുട്ടലുകളും. അവർക്ക് ഇതു തന്നെ കൃഷി എന്ന മട്ടിലാണ് കാര്യങ്ങൾ. ഓരോ തവണ അവർ ദൈവത്തെ അനുസരിച്ചപ്പോഴും സമാധാനവും ജീവനും അനുഗ്രഹമായെത്തി. എന്നാൽ ദൈവത്തെ അനുസരിക്കാതെ തന്നിഷ്ടത്തിൽ നടന്നപ്പോഴൊ കാത്തിരുന്നത് യുദ്ധവും ഏറ്റുമുട്ടലുകളും നിറഞ്ഞ ദുരിതപൂർണ്ണ ജീവിതവും. വാഗ്ദത്ത നാട്ടിൽ പ്രവേശിക്കും മുന്നേ തന്നെ ഇങ്ങനൊക്കെയായിരിക്കും അവരുടെ

ജീവിതമെന്ന് ദൈവം മുന്നറിയിപ്പു നൽകിയിരുന്നു. മാത്രമല്ല അവരുടെ നില നിൽപിനെ തന്നെ ഇല്ലാതാക്കുന്ന പ്രത്യാഘാതങ്ങളെ എങ്ങനെ അതിജീവിക്കാമെന്നതും പറഞ്ഞുകൊടുത്തിരുന്നു.

**ആവർത്തനം 28:1-14 വായിക്കുക. ജനം ദൈവഹിതമനുസരിച്ചിരുന്നെങ്കിൽ എന്ത് അനുഗ്രഹങ്ങൾ ഇസ്രായേലിനു ലഭിക്കുമായിരുന്നു?**

**യിരെമ്യാവ് 3:14-18 വായിക്കുക. ഇസ്രായേലിനോട്, അനുതപിച്ച് തന്നിലേക്കു മടങ്ങാനുള്ള ദൈവത്തിന്റെ വിളിയിൽ എന്തു പഠിക്കാം? ജനത്തോട് ദൈവത്തിനുള്ള സ്നേഹത്തെക്കുറിച്ചും ക്ഷമയെക്കുറിച്ചും ഇത് എന്തു പറയുന്നു?**

പോരും ഭിന്നിപ്പും വിഗ്രഹാരാധനയും അവരിൽ ഉണ്ടായിട്ടും, കരുണയും സ്നേഹവും സഹാനുഭൂതിയുമുള്ള ദൈവത്തെ യിരെമ്യാവിന്റെ പുസ്തകത്തിൽ കാണാം. ഇത് ഒരതിശയം തന്നെ. ദൈവം നിരന്തരമായി സ്വജനത്തോട്, തന്നിഷ്ടപ്രകാരം വഴിവിട്ടു നടക്കാതെ, അവങ്കലേക്കു തിരിയാൻ ക്ഷണിച്ചുകൊണ്ടേയിരിക്കുന്നു. വീണ്ടും വീണ്ടും ദൈവം വാഗ്ദത്തം ചെയ്യുന്നതോ വീണ്ടെടുപ്പും പ്രത്യാശാനിർഭരമായ ഭാവിയുമാണ്.

“വിശ്വാസത്യാഗിനിയായ യിസ്രായേലേ, മടങ്ങിവരുക എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ നിങ്ങളോടു കോപം കാണിക്കുകയില്ല; ഞാൻ കരുണയുള്ളവൻ; എന്നേക്കും കോപം സംഗ്രഹിക്കുകയുമില്ല എന്നു യഹോവയുടെ അരുളപ്പാട്. നിന്റെ ദൈവമായ യഹോവയോടു നീ ദ്രോഹം ചെയ്തു. പച്ചമരത്തിൻകീഴിലൊക്കെയും അന്യൻമാരോടു ദുർമ്മാർഗ്ഗമായി നടന്നതും എന്റെ വാക്കു കേട്ടനുസരിക്കാതെ ഇരുന്നതുമായ നിന്റെ അകൃത്യം സമ്മതിക്കുക മാത്രം ചെയ്യുക എന്നു യഹോവയുടെ അരുളപ്പാട്” (യിരെമ്യാവ് 3:12, 13).

പൊതുവേ ദൈവവചനത്തോടു അവഗണനയുള്ള കാലത്താണ് യിരെമ്യാവ് സംസാരിക്കുന്നത്. യോശീയാ രാജാവിന്റെ കാലത്ത് ചില മാറ്റങ്ങൾ തുടങ്ങിയിരുന്നു, എങ്കിലും ദൈവത്തോട് വിശ്വസ്തത കാണിക്കാൻ ജനം ആത്മീയമായി പ്രതികരിച്ചില്ല. അവരുടെ പാപങ്ങളും വിഗ്രഹാരാധനയും സ്വകേന്ദ്രീകൃത ജീവിതവും ആത്മീയ-രാഷ്ട്രീയ നാശം വരുത്തിവച്ചു. ദൈവഹിതം എത്രമാത്രം നിരസിച്ചോ അവരുടെ ഭാവി അത്രമേൽ ഭയാനകവുമായി. എന്നിട്ടും, ദൈവം യിരെമ്യാവിലൂടെ അഭ്യർത്ഥിച്ചു. ദൈവത്തിന് അവരെക്കുറിച്ച് ഒരു മികച്ച പദ്ധതിയുണ്ടായിരുന്നു. സമൃദ്ധിയിലേക്കും ഐക്യത്തിലേക്കും ആരോഗ്യത്തിലേക്കും തിരികെ കൊണ്ടുവരാൻ ദൈവം ഹഠാതാഗ്രഹിച്ചു. പക്ഷെ ഇതൊക്കെ സംഭവിക്കണമെങ്കിൽ അവർ വിശ്വസ്തരായി ജീവിക്കണമായിരുന്നു. സത്യവിശ്വാസത്തിനനുസരിച്ച് മാറണമായിരുന്നു.

**നിങ്ങളുടെ ജീവിതത്തിൽ അനുസരണവും അനുസരണക്കേടും തമ്മിലെ വ്യത്യാസം കണ്ടുപിടിക്കാമോ?**

**തിങ്കൾ** **ഒക്ടോബർ 8**

### ദൈവത്തിന്റെ കണ്ണിലെ ശരി

ഇസ്രായേൽ ദൈവയിഷ്ടം ചെയ്യാതിരുന്നതിന്റെ ധാരാളം വിപരീതഫല കഥകൾ ന്യായാധിപന്മാരുടെ പുസ്തകം നൽകുന്നു. ഇസ്രായേൽ കനാനിൽ പ്രവേശിച്ച

ഉടനെ, അനുകരിക്കരുതെന്നു ദൈവം വിലക്കിയിരുന്നതും അവർക്കു ചുറ്റിലും ഉണ്ടായിരുന്നതുമായ, കനാനിലെ വ്യാജ മതങ്ങളെ അവരുടെ ആത്മീയ ജീവിതങ്ങൾക്കു മാതൃകയാക്കുവാൻ തുടങ്ങി. നിർഭാഗ്യവശാൽ അതു മാത്രമായിരുന്നില്ല അവർ നേരിട്ട പ്രശ്നങ്ങൾ.

**ന്യായാധിപന്മാർ 17:6; 21:25 വായിക്കുക. ദൈവജനത്തിനിടയിലുയർന്ന മറ്റു പ്രശ്നങ്ങളെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പറയുന്നു?**

ദൈവജനത്തിനിടയിലെ വിഘടന, വിയോജന ചേരുവകളെപ്പറ്റി സംസാരിക്കാം. ദൈവവുമായി അവർ ചെയ്ത ഉടമ്പടി, ആ ഉടമ്പടിയുടെ കർത്താവിനെ വിശ്വസ്തതയോടെ അനുസരിക്കുന്നതിലായിരുന്നു രാഷ്ട്രത്തിന്റെ ഐക്യം. ചുറ്റുമുള്ള രാഷ്ട്രങ്ങളുടെ സ്വാധീനവലയത്തിൽ പെട്ട് സ്വന്തം കണ്ണിൽ ശരിയെന്ന് തോന്നിയത് ചെയ്തതിനാൽ വിനാശത്തിലേക്കുള്ള വഴി നിശ്ചയമുള്ളതായിരുന്നു. നമ്മളെല്ലാവരും വീണുപോയവരല്ലേ? അങ്ങനെയെങ്കിൽ സ്വഹൃദയ ആലോചനകളെ ആശ്രയിച്ചാൽ ദൈവം ആവശ്യപ്പെടുന്ന പാതയിൽ നിന്ന് വ്യതിചലിച്ചു നാം അലഞ്ഞു തിരിയും.

**ന്യായാധിപന്മാരുടെ കാലത്തെ ഇസ്രായേലിന്റെ ആത്മീയ സാമൂഹ്യ അവസ്ഥകളെക്കുറിച്ച് ചുവടെ ചേർത്ത ഭാഗങ്ങൾ എന്തു പറയുന്നു?**

**ന്യായാ. 2:11–13, ന്യായാ. 3:5–7 വായിക്കുക.**

“ദൈവം മോശയിലൂടെ അവിശ്വാസത്തിന്റെ ഫലം എന്തെന്ന് സ്വജനത്തെ കാണിച്ചു. ഉടമ്പടി നിരസിക്കുന്നതിലൂടെ ദൈവജീവനിൽ നിന്ന് അവർ വെട്ടിമാറ്റപ്പെട്ടു, അനുഗ്രഹവും വന്നില്ല. എന്നാൽ ഇടയ്ക്കിടെ ഇത്തരം മുന്നറിയിപ്പുകൾക്ക് അവർ ചെവി കൊടുത്തു. അപ്പോഴെല്ലാം യഹൂദ രാഷ്ട്രത്തിനുമേലും അവരിലൂടെ ചുറ്റുമുള്ളവർക്കും സമൃദ്ധമായ അനുഗ്രഹവർഷമുണ്ടായി. എന്നാൽ പലപ്പോഴും അവർ ദൈവത്തെ വിസ്മരിച്ചു. ദൈവപ്രതിനിധികളെന്ന സവിശേഷ സ്ഥാനം തന്നെ അവരുടെ കാഴ്ചയ്ക്കു മറഞ്ഞുപോയി. തങ്ങളോട് ആവശ്യപ്പെട്ട ശുശ്രൂഷ അവർ നിരസിച്ചു; സഹവാസികൾക്കു മാർഗ്ഗനിർദ്ദേശങ്ങളും വിശുദ്ധ മാതൃകയും നിഷേധിച്ചു. കാര്യസ്ഥന്മാരായി ഏൽപിച്ച മുന്തിരിത്തോട്ടത്തിലെ ഫലങ്ങൾ സ്വയം പങ്കിടാൻ അവർ വെമ്പി. ആർത്തിയും കൊതിയും നിമിത്തം അവിശ്വാസികൾപോലും അവരെ പുഛരിച്ചു. ദൈവീക സ്വഭാവവും ദൈവരാജ്യ നിയമവും ജാതികൾക്കു മുന്നിൽ തെറ്റദ്ധരിക്കപ്പെടാൻ ഇടയാക്കി.”–*എലൻ ജി. വൈറ്റ്, പ്രോഫറ്റ്സ് ആൻഡ് കിംഗ്സ്, പേജ് 20,21.*

**സഭയെന്ന നിലയിൽ നമ്മുടെ പ്രവൃത്തികൾ എങ്ങനെ ചുറ്റുമുള്ളവരെ സ്വാധീനിക്കുന്നു? അവരെ അനുകൂലമായി സ്വാധീനിക്കത്തക്കവിധം സെവൻത് ഡേ അഡ്വന്റിസ്റ്റുകാരിൽ എന്ത് കാണുന്നുണ്ട്?**

**ചൊവ്വ** **ഒക്ടോബർ 9**

## എബ്രായ രാഷ്ട്രത്തിന്റെ ഭിന്നിപ്പ്

മതഭ്രംശത്തിന്റെ തിക്തഫലങ്ങൾ ഒരു രാത്രയിൽ സംഭവിച്ചതല്ല. ദൈവജനത്തിന്റെ പ്രമാദമായ തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും നൂറ്റാണ്ടുകളിലൂടെ സ്വരൂപിച്ച ഫലമാണ് ഈ ദുരന്തങ്ങൾ.

**1 രാജാ. 12:1–16 വാക്യങ്ങളിൽ രഹോബെയാം രാജാവിന്റെ കഥ വായിക്കുക. ദൈവജനത്തിനിടയിൽ ഇത്ര വലിയ ഭിന്നിപ്പ് എങ്ങനെ ഉണ്ടായി?**

"ഭരണപരമായ മാറ്റങ്ങൾ വരുത്താൻ ജനം രഹോബേയാമിനോട് ആവശ്യപ്പെട്ടു. എന്നാൽ അവനും അറവില്ലാത്ത ഉപദേഷ്ടാക്കന്മാരും ഇസ്രായേലിനെക്കുറിച്ചുള്ള ദൈവഹിതം മനസ്സിലാക്കിയില്ല, ജനത്തിന്റെ ആവശ്യത്തിനു ചെവി കൊടുത്തതുമില്ല. മറിച്ച്, ശെഖേമിലെ യോഗത്തിൽ ജനങ്ങൾക്കുമേൽ സ്ഥിരസ്വാധീനം നേടാൻ ലഭിച്ച അവസരം അവൻ നഷ്ടപ്പെടുത്തി. കാര്യകാരണങ്ങളെ വിവേചിച്ചില്ല, വരുംവരായകളെക്കുറിച്ച് ചിന്തിച്ചതുമില്ല. ശലോമോൻ രാജാവ് ഏർപ്പെടുത്തിയ കഠിനവേല കൂട്ടാനായിരുന്നു അവന്റെ പുറപ്പാട്. ഇസ്രായേലിനെക്കുറിച്ചുള്ള ദൈവീക പദ്ധതിയോട് നേരിട്ട് ഏറ്റുമുട്ടുക. തങ്ങളുടെ ഉദ്ദേശശുദ്ധി ജനസമക്ഷം ചോദ്യചിഹ്നമാക്കി. ഇത്തരത്തിൽ ബുദ്ധിശൂന്യമായി അനുഭാവമില്ലാതെ അധികാരം നടപ്പിലാക്കാൻ ശ്രമിച്ച രാജാവും ഉപദേഷ്ടാക്കളും സ്ഥാനമാനങ്ങളുടെയും അധികാരത്തിന്റെയും അഹന്തയാണ് പ്രദർശിപ്പിച്ചത്." – *എലൻ ജി. വൈറ്റ്, പ്രോഫറ്റ്സ് ആൻഡ് കിംഗ്സ്, പേജ് 90.*

**ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിന് ജ്ഞാനം വേണം. ചുവടെ കൊടുത്തിട്ടുള്ള വാക്യങ്ങൾ എന്തു പറയുന്നു? യഥാർത്ഥ ജ്ഞാനത്തിന്റെ ഉറവിടമെവിടെ?**

**സദൃ. 4: 1–9** **സദൃ. 9: 10** **യാക്കോ. 1: 5**

ജനത്തെ കൂടുതൽ ഊഴിയവേല ചെയ്യിക്കാൻ തിടുക്കത്തിൽ ബുദ്ധിശൂന്യമായി തീരുമാനിച്ച രഹോബെയാമിന്റെ കഥ ഇസ്രായേലിന്റെ രാജഭരണ ചരിത്രത്തിലെ ദുഃഖകരമായ ഏടാണ്. രണ്ട് സംഘങ്ങളിൽ നിന്ന് രാജാവ് ഉപദേശം തേടി. ഒടുവിൽ അനുഭവക്കുറവുള്ള സമപ്രായക്കാരായ ചെറുപ്പക്കാർക്ക് ചെവി കൊടുക്കാനായിരുന്നു രാജാവിന്റെ തീരുമാനം. പിതാവ് ശലോമോനും മുത്തച്ഛൻ ദാവീദും 80 വർഷം കൊണ്ടു പടുത്തുയർത്തിയ രാഷ്ട്രത്തിനുമേൽ ഒരു ദുരന്തമായിരുന്നു അത്. അപ്പനെക്കാൾ കാഠിന്യമുള്ളവനാണ് താൻ എന്ന് വരുത്താൻ, ജനത്തെ ഭീഷണിപ്പെടുത്താൻ ലഭിച്ച ഉപദേശം ബുദ്ധിശൂന്യമായിരുന്നു. ജനം പറയുന്നത് കേട്ട് അലിവുണ്ടായി കഠിനവേല ഇളവു ചെയ്യരുതെന്ന് യുവ ഉപദേഷ്ടാക്കൾ വിശ്വസിച്ചു. അവരുടെ കാഴ്ചപ്പാടിൽ രാജാവ് ക്രൂരനും ദാക്ഷിണ്യ രഹിതനും ആയിരിക്കണമായിരുന്നു. അവസാനം രാജാവ് കടുംകൈ ചെയ്യുന്നവനും ജനത്തിന്റെ വിശ്വസ്തതയും വിധേയത്വവും അർഹിക്കാത്തവനുമാണെന്നും തെളിയിച്ചു. അത് ദൈവജനത്തിനിടയിൽ ഒരു വിടവുണ്ടാക്കി. അങ്ങനൊന്ന് ഒരിക്കലും സംഭവിക്കരുതായിരുന്നു. അത് ആയിരുന്നേയില്ല ജനത്തിനുള്ള ദൈവീക പദ്ധതി.

**ബുധൻ** **ഒക്ടോബർ 10**

## കൊരിന്തിലെ സഭാഭേദം

നിർഭാഗ്യമെന്തെന്നോ, ദൈവജനത്തിനിടയിലെ അനൈക്യം പുതിയനിയമകാലഘട്ടത്തിൽ പോലും തുടർന്നു.

കൊരിന്തിലെ സഭയ്ക്ക് എഴുതിയ ആദ്യ ലേഖനത്തിന്റെ ആദ്യ നാല് അദ്ധ്യായങ്ങൾ തന്നെ നോക്കൂ, ഐക്യത്തിനുള്ള അഭ്യർത്ഥനയാണ് അത്. എഫേസൊസി

ലായിരുന്നപ്പോൾ കൊരിന്തിലെ സഭയിൽ ഭിന്നതകൾ രൂപപ്പെട്ടതായി പൗലോസ് കേട്ടു. അതുകൊണ്ട്, തന്റെ ലേഖനം തുടങ്ങുന്നതു തന്നെ സഭൈക്യത്തെക്കുറിച്ചും ഭിന്നത ഒഴിവാക്കേണ്ടതിനെക്കുറിച്ചും വിശദീകരിച്ചുകൊണ്ടാണ്. പൗലോസ് അതേക്കുറിച്ച് ആശങ്കാകുലനായിരുന്നു. നിർഭാഗ്യകരമായ ഈ അവസ്ഥയിൽ നിന്ന് വിടുവിക്കാൻ ആത്മാവിൽ നിറഞ്ഞ ഉപദേശമാണ് അദ്ദേഹം നൽകുന്നത്.

**1 കൊരിന്ത്യർ 1:10–17 വാക്യങ്ങളിൽ അനൈക്യത്തിനും ഭിന്നിപ്പിനും വഴക്കുകൾക്കും കാരണമായി എന്തു പറയപ്പെടുന്നു?**

ക്ലോവയുടെ ആളുകളിലൊരാൾ കൊരിന്ത്യർക്കിടയിലെ ഭിന്നിപ്പിനെയും വഴക്കുകളെയും കുറിച്ച് പറഞ്ഞപ്പോൾ പൗലോസ് ആ സഹോദരീ സഹോദരന്മാരെക്കുറിച്ച് വിഷമിച്ചു. ആ ഉത്കണ്ഠയുടെ ആഴമറിയിക്കുന്നുണ്ട് ആമുഖ വാക്യങ്ങൾ: "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" (1 കൊരി. 1:10). ഈ തർക്കത്തിന്റെയും ഭിന്നിപ്പിന്റെയും കാരണം എന്തു തന്നെയായാലും പൗലോസിന് അത് അവസാനിപ്പിക്കണമായിരുന്നു.

ക്രിസ്ത്യാനികൾ ക്രിസ്തുവിനെ പിന്തുടരാൻ വിളിക്കപ്പെട്ടവരാണെന്ന് പൗലോസ് കൊരിന്ത്യരെ ഓർമ്മിപ്പിക്കുന്നു; കഴിവോ, കൃപാവരമോ, ദൈവവിളിയോ ഉള്ള മനുഷ്യനെ അല്ല, ക്രിസ്തുവിനെത്തന്നെ. ഓരോ വിഭാഗമായി അവർക്കിടയിൽ വേർതിരിവുണ്ടായെങ്കിലും അപ്പോസ്തലൻ അസന്ദിഗ്ധമായി പറഞ്ഞു, വിഭാഗീയത ക്രിസ്തു വിരുദ്ധമാണ്. അവൻ അടിവരയിട്ടു പറഞ്ഞു, ക്രിസ്തീയ ഐക്യം ക്രിസ്തുവിലും, കുരിശിലെ യാഗത്തിലുമാണ് (1 കൊരി. 1:13).

ക്രൈസ്തവ ഐക്യം സത്യത്തിൽ നിന്നാണുളവാകുന്നത്. അത് കണ്ടെത്തുന്നതോ, യേശുക്രിസ്തുവിലും തന്റെ ക്രൂശുമരണത്തിലുമാണ്, മറ്റാരിലുമല്ല. ഒരാൾ എത്ര യോഗ്യനായ മാർഗ്ഗദർശിയോ, പ്രവാചകനോ, നേതാവോ ആയാലും കാര്യമില്ല, ക്രൂശിൻ ചുവട്ടിൽ നാമെല്ലാവരും ഒരേ സമതലത്തിലാണ്. നമ്മുടെ സ്നാനം, പാപം കഴുകുന്ന യേശുവിലാണ്. എന്തായാലും ക്രിസ്തുവിലുള്ള ഏകത്വത്തിനായി നാം ഒത്തൊരുമിച്ച് പ്രായോഗികമായി ശ്രമിക്കണം.

അതായത്, സെവൻത് ഡേ അഡ്വന്റിസ്റ്റുകളെന്ന നിലയ്ക്ക് വിശ്വാസത്തിലും സുവിശേഷ വേലയിലും ഉള്ള യോജിപ്പിനെ വിലകുറച്ച് കാണുകയേ അരുത്. ക്രിസ്തുവിന്റെ കർതൃത്വവും സ്നേഹവും ഇല്ലെങ്കിൽ വിഭാഗീയതയും വഴക്കുകളും സഭൈക്യത്തെ തകർക്കും.

**പൗലോസ് പരിഹരിക്കാൻ ശ്രമിച്ച ആപത്തുകളെ എങ്ങനെ തടയാം? ക്രിസ്തുവിലും അധികം വിധേയത്വം ഏതെങ്കിലും വ്യക്തിക്കു നൽകാതിരിക്കാൻ എങ്ങനെ ജാഗരൂകരാകാം?**

## “ചെന്നായ്ക്കൾ വരും”

**അ.പ്ര.20:25–31 വായിക്കുക. എഫെസൊസിലെ മൂപ്പൻമാർക്ക് പൗലോസ് നൽകുന്ന മുന്നറിയിപ്പെന്ത്? അത് സംഭവിക്കാതിരിക്കാൻ അവർ എന്തു ചെയ്യണമായിരുന്നു?**

ശുശ്രൂഷയിൽ പൗലോസ് പലപ്പോഴും എതിർപ്പുകൾ നേരിട്ടു. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പവിത്രത സംരക്ഷിക്കുന്നത് ബുദ്ധിമുട്ടായിരിക്കുമെന്നും അദ്ദേഹം മനസ്സിലാക്കി. പൗലൊസ് എഫെസ്യ മൂപ്പന്മാരോട് വിടവാങ്ങുന്നത് ഒരു മുന്നറിയിപ്പ് നൽകിക്കൊണ്ടാണ്. യെഹസ്ക്കേൽ 33:1-6 വരെ വാക്യങ്ങളുടെ കാമ്പ് ഉൾക്കൊണ്ട് അവരെ കാവൽക്കാരോടു ഉപമിക്കുന്നു. സുവിശേഷം സംരക്ഷിക്കാൻ അവർക്കും ചുമതലയുണ്ട്. സഭകളിലെ വിശ്വസ്ത ആട്ടിടയന്മാരാവണം മൂപ്പന്മാർ.

അ.പ്ര. 20:29–ൽ “കൊടിയ ചെന്നായ്ക്കൾ” എന്ന വാക്ക് വ്യാജോപദേഷ്ടാക്കളെക്കുറിച്ചു പറയാൻ പൗലോസ് ഉപയോഗിക്കുന്നു. മത്തായി 7:15–ൽ യേശുക്രിസ്തു കള്ളപ്രവാചകന്മാരെക്കുറിച്ചു മുന്നറിയിപ്പു നൽകാൻ ആടുകളുടെ വേഷം പൂണ്ട ചെന്നായ്ക്കൾ എന്നു പ്രയോഗിച്ചതിന്റെ ഓർമ്മപ്പെടുത്തലാണ് ഇത്. പൗലോസിന്റെ മുന്നറിയിപ്പിനു പിന്നാലെ അദ്ദേഹം സ്ഥാപിച്ച ഏഷ്യയിലെ സഭകളിൽ കള്ളപ്രവാചകന്മാർ ഉദിച്ചു. എഫെസ്യർ 5:6–14 വാക്യങ്ങളിലും കൊലൊസ്യർ 2:8–ലും ഏഷ്യാമൈനറിലെ സഭകൾക്ക് പൗലോസ് നൽകുന്ന മുന്നറിയിപ്പുകൾ കാണാം.

തിമൊഥെയൊസിനുള്ള രണ്ടാം ലേഖനത്തിൽ എഫെസൊസിലെ സഭയുടെ ഉത്തരവാദിത്തമുള്ള തിമൊഥെയോസിനും പൗലോസ് മുന്നറിയിപ്പു നൽകുന്നുണ്ട്. അന്ത്യകാലത്ത് സഭയിലുണ്ടാകുന്ന വഴിപിഴയ്ക്കലുകളെക്കുറിച്ചും ദൈവമില്ലായ്മയെപ്പറ്റിയും ഒക്കെയാണ് അത്.

**2 തിമൊഥെയൊസ് 2:14–19; 3:12–17 വായിക്കുക. പൗലോസ് തിമൊഥെയൊസിനോട് എന്ത് പറയുന്നു? കള്ളപ്രവാചകന്മാരെ എങ്ങനെ നേരിടാം? സഭൈക്യം എങ്ങനെ സംരക്ഷിക്കാം?**

ഒന്നാമതായി “സത്യവചനത്തെ യഥാർത്ഥമായി” (2 തിമൊ. 2:15) തിമൊ ഥെയൊസ് അറിയണം. ഇത്തരം പ്രയോജനരഹിതമായ തർക്കങ്ങൾക്കും ഊഹാപോഹങ്ങൾക്കുമുള്ള ഒറ്റമൂലി ദൈവം നൽകിയ വചനം ശരിയായി മനസ്സിലാക്കുക, അത് പഠിപ്പിക്കുക മാത്രമാണ്. തിരുവചന സത്യങ്ങൾ ശരിയായി വ്യാഖ്യാനിക്കപ്പെടണം. തിരുവചനത്തിന്റെ അന്തഃസത്തക്കെതിരായി ഒരു ഭാഗവും അടർത്തിയെടുത്ത് വ്യാഖ്യാനിക്കരുത്. ഒരാൾക്ക് യേശുവിൽ വിശ്വാസം നഷ്ടപ്പെടുത്തുന്ന തരത്തിലും ദുർവ്യാഖ്യാനമരുത്. അപ്രധാനമായവയും തരംതാണ പ്രശ്നങ്ങളും തിരുവചന തത്വങ്ങൾക്കു കീഴായിരിക്കട്ടെ. വിശ്വാസികളെ ക്രിസ്തുവിൽ ജയാളിയായ ജീവിതം നയിക്കാൻ ദൈവവചനം ഒരുക്കും. പൗലോസിന്റെ രണ്ടാം ശുപാർശ തിമൊഥെയൊസിനു തന്നെയാണ്, “ഭക്തിവിരുദ്ധമായ വൃഥാലാപങ്ങളെ ഒഴിഞ്ഞിരിക്കുക” (2 തിമൊ. 2:16). തിമൊഥെയൊസിനൊരു വിശ്വസ്തനും യോഗ്യനുമായ ശുശ്രൂഷക്കാരനാകണോ, എങ്കിൽ ബാലിശ ഊഹാപോഹവിഷയങ്ങൾ പഠനശുശ്രൂഷയുടെ ഭാഗമാകരുത്. ഇത്തരം സംഭാഷണങ്ങൾ കൂടുതൽ

അഭക്തിയിലേക്ക് നയിക്കും. വിശ്വാസികളുടെ വിശ്വാസത്തെ ഉറപ്പിക്കുകയുമില്ല. സത്യം മാത്രമാണ് വിശ്വാസികളെ ഭക്തിയിലേക്കും ഐക്യത്തിലേക്കും നയിക്കുക. ഇത്തരം തെറ്റുകളിൽ നിന്ന് ജനം ഒഴിഞ്ഞു നിൽക്കാൻ തിമൊഥെയൊസ് ആഹ്വാനം ചെയ്യണം, കാരണം സഭയെ അർബ്ബുദ വ്യാധിപോലെ അത് തീർത്തുകൊണ്ടിരിക്കും (2 തിമൊ. 2:17). ചുരുക്കത്തിൽ, സഭൈക്യത്തെ തകർക്കുന്ന അബദ്ധജടില പഠനങ്ങൾക്ക് ഒറ്റമൂലി വചന അനുസരണം മാത്രമാണ് (2 തിമൊ. 3:14-17).

**തെറ്റായ പഠിപ്പിക്കലുകളിലൂടെ സഭയിൽ ഭിന്നത വരുത്തുന്ന ആളുകളിൽ നിന്ന് സഭയ്ക്ക് എങ്ങനെ സംരക്ഷണം നേടാം?**

**വെള്ളി** **ഒക്ടോബർ 12**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, പ്രോഫറ്റ്സ് ആൻഡ് കിംഗ്സിലെ "ദി റെൻഡിംഗ് ഓഫ് ദി കിംഗ്ഡം" പേജ് 87-98; ദി ആക്റ്റ്സ് ഓഫ് അപ്പോസൽസിലെ "എ മെസേജ് ഓഫ് വാണിംഗ് ആൻഡ് എൻട്രീറ്റി" പേജ് 298-308.*

"തിരഞ്ഞെടുക്കപ്പെട്ട സേവകർ ഒരുമനപ്പെട്ട് പ്രവർത്തിക്കാൻ പഠിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. തന്റെയും കൂട്ടുവേലക്കാരന്റെയും കൃപ തമ്മിലുള്ള വൈരുദ്ധ്യം ഒരുമിച്ചു പ്രവർത്തിക്കുന്നതിൽ നിന്ന് ഒരുപക്ഷേ പിന്തിരിപ്പിച്ചേക്കാം. എന്നാലോ വൈവിദ്ധ്യമേറിയ മനസ്സുകളിലേക്കാണ് സുവിശേഷമെത്താനുള്ളത്. ഒരു സുവിശേഷകൻ അവതരിപ്പിച്ച സത്യം തിരസ്ക്കരിച്ചവൻ ഒരുപക്ഷേ മറ്റൊരുവന്റെ അവതരണ രീതിയിൽ സത്യം സ്വീകരിച്ചേക്കാം. അതുകൊണ്ട് ഏവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. കഴിവുകൾ വ്യത്യസ്തമെങ്കിലും എല്ലാം ഒരേ ആത്മാവിന്റെ നിയന്ത്രണത്തിലാണ്. ഓരോ വാക്കിലും പ്രവൃത്തിയിലും കരുണയും സ്നേഹവും വെളിപ്പെടണം. ഓരോ ശുശ്രൂഷകനും തന്റെ സ്ഥാനം വിശ്വസ്തതയോടെ ഏറ്റെടുത്താൽ ശിഷ്യന്മാരുടെ ഐക്യത്തിനുള്ള യേശുവിന്റെ പ്രാർത്ഥ നയ്ക്ക് ഉത്തരം ലഭിക്കും. ഇവർ യേശുവിന്റെ ശിഷ്യരെന്ന് ലോകം അറിയും." - *എലൻ ജി വൈറ്റ്, ഗോസ്പൽ വർക്കേഴ്സ്, പേജ് 483.*

**ചർച്ച**

1. **ഒരാളുടെ കാഴ്ചപ്പാടിൽ ശരി എന്തോ അത് ചെയ്യുന്നത് പുതിയ കാര്യമല്ല. ഒരാളെ കേന്ദ്രീകരിക്കുന്ന ഏകാധിപത്യം അല്ലെങ്കിൽ സൈദ്ധാന്തിക, സാന്മാർഗ്ഗിക ഏകാധിപത്യത്തെ ഉത്തരാധുനിക ചിന്താധാര ചോദ്യം ചെയ്യുന്നു. ബൈബിൾ മുന്നറിയിപ്പു നൽകുന്ന പോലുള്ള സാന്മാർഗ്ഗിക അരാചകത്വത്തിനു ഇത് വഴിതെളിക്കും. ക്രിസ്ത്യാനികളെന്ന നിലയിൽ, സഭയെന്ന നിലയിൽ ഒരുമിച്ച് ഇത്തരം വെല്ലുവിളികളെ എങ്ങനെ നേരിടും?**
2. **രെഹൊബെയാം രാജാവിനെക്കുറിച്ചും ഇസ്രായേലിന്റെ ഭിന്നിപ്പിനെക്കുറിച്ചും (1 രാജാ. 12) ചിന്തിക്കുക. നമുക്കിന്ന് ആവശ്യമായ എന്തു പാഠമാണവിടെ ഉള്ളതു?**

**3. പ്രാദേശിക സഭകളിൽ വഴക്കുകളും സഭൈക്യ വിരുദ്ധ കൂട്ടുകെട്ടുകളും ഉണ്ടാകുമ്പോൾ തടയാൻ സഭാനേതാക്കളും അംഗങ്ങളും എന്തു ചെയ്യണം? ഇത്തരം പ്രശ്നങ്ങൾ വളർന്ന് പന്തലിക്കും മുമ്പ് തടയേണ്ടതിന്റെ പ്രാധാന്യം എന്ത്? കൊരിന്തിൽ ചിലർ ഒരുക്കിയ പോലുള്ള കെണികളിൽ വീഴാതിരിക്കാൻ സഭാംഗങ്ങളെന്ന നിലയിൽ എന്ത് ജാഗ്രത പാലിക്കണം?**

**4. സദൃശവാക്യങ്ങൾ 6:16–19–ലെ അനൈക്യത്തെക്കുറിച്ച് പഠിക്കുക. നിങ്ങളുടെ പ്രാദേശിക സഭയിൽ ഭിന്നത തടയാൻ ഇതിൽ നിന്നെന്തു പാഠം ഉൾക്കൊള്ളാം?**

**സംഗ്രഹം:** അനൈക്യത്തിലേക്കു നയിക്കുന്ന സന്ദർഭങ്ങൾ ബൈബിളിലുണ്ട്. ദൈവജനം അനുസരിച്ചപ്പോൾ അനൈക്യത്തിന്റെ ആപത്തുകൾ തുലോം കുറവായിരുന്നു. ന്യായാധിപന്മാരുടെയും രെഹൊബെയാമിന്റെയും കാലങ്ങളിലെ ഉദാഹരണങ്ങൾ അനൈക്യത്തിന്റെ വാതിലുകൾ തുറന്നിട്ടു. പുതിയനിയമ കാലത്തും അതിനുള്ള സാദ്ധ്യതകൾ നിലനിന്നു. ദൈവവചനം ശരിയായി പഠിക്കുക, വിശുദ്ധിയോടെ അതനുസരിക്കുക. ഇതു മാത്രമാണ് നമുക്കിടയിലെ അനൈക്യം, മതഭിന്നത എന്നിവയിൽ നിന്നുള്ള സംരക്ഷണം.

****